**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3036** **25-06-2024 - ൽ മറുപടിയ്ക്ക്**

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പിലാക്കി വരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; പദ്ധതി എപ്പോഴത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം കോർപ്പറേഷനും സമീപ പഞ്ചായത്തായ കൊറ്റങ്കരക്കും വേണ്ടി കിഫ്ബി / അമൃത് ധനസഹായത്തോടെ നടപ്പാക്കുന്ന സമഗ്ര കുടിവെള്ളപദ്ധതിയാണിത്. കിഫ്ബിയിൽ ഉൾപ്പെടുത്തി 235 കോടി രൂപയും അമൃത് 1.0ൽ ഉൾപ്പെടുത്തി 104.42 കോടി രൂപയും അമൃത് 2.0-ൽ ഉൾപ്പെടുത്തി 236.05 കോടി രൂപയും ഉൾപ്പെടെ ആകെ 575.4 കോടി രൂപയാണ് ഈ പദ്ധതിക്കായി ഭരണാനുമതി നൽകിയിരിക്കുന്നത്.<br><br>കൊല്ലം കോർപറേഷനിലെ 4,11,336 ജനങ്ങളുടെയും കൊറ്റങ്കര പഞ്ചായത്തിലെ 47,456 ജനങ്ങളുടെയും വരുന്ന 30 വർഷത്തെ ജല ആവശ്യകത കണക്കാക്കി പ്രതി ദിനം 100 ദശ ലക്ഷം ലിറ്റർ ശേഷിയിലാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു.<br><br>ഞാങ്കടവ് പദ്ധതിയിൽപ്പെടുന്ന പമ്പ് സെറ്റ് ഉൾപ്പെടുന്ന (Sl. No.5) പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.<br><br>NH183-ൽ എലമ്പല്ലൂർ മുതൽ നന്ത്രിക്കൽ വരെ ഒരു കിലോ മീറ്റർ പൈപ്പ് ഇടുന്ന പ്രവൃത്തിയ്ക്ക് (Sl. No. 4) NH MoRTH- ൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ മൈക്രോ ടണലിംഗ് മാർഗം ഉപയോഗിച്ച് പൈപ്പ് ഇടുന്നതിനുള്ള പ്രൊപ്പോസൽ പുതുക്കിയ ഫണ്ടിംഗ് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മേൽ പറഞ്ഞ ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കും പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിച്ച് പൈപ്പ് ഇടുന്നതിനുള്ള NH MoRTH-ന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്കും ഈ പദ്ധതി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ഘടകങ്ങൾ | പദ്ധതി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഞാങ്കടവ് തടയണ | അമൃത് 1.0 | ടെൻഡർ അംഗീകരിക്കുന്നതിന് 01.09.2023-ൽ സർക്കാരിൽ സമർപ്പിച്ചിരുന്നു, എന്നാൽ ടെൻഡറിൽ നിന്ന് കരാറുകാരൻ പിന്മാറാൻ കത്ത് നൽകി. 2024 മാർച്ച് മാസത്തിനകം ആരംഭിക്കാൻ കഴിയാത്തതിനാൽ അമൃത് -1 ലെ ഭരണാനുമതി റദ്ദാക്കി. അമൃത് 2 -ൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി പ്രവൃത്തിയുടെ DER തയ്യാറാക്കി SMMU -വിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2 | ഞാങ്കടവ് കിണർ | അമൃത് 1.0 | പൂർത്തീകരിച്ചു |
| 3 | Powerline ദീർഘിപ്പിക്കൽ | അമൃത് 1.0 | പൂർത്തീകരിച്ചു |
| 4 | ഞാങ്കടവ് കിണർ മുതൽ വസൂരിച്ചിറയിലെ ജലശുദ്ധീകരണ ശാലവരെയുള്ള 1219 mm വ്യാസമുള്ള MS Raw Water Pumping Main | കിഫ്ബി | 28 കിലോമീറ്ററിൽ 27 കിലോമീറ്റർ പൂർത്തീകരിച്ചു. ശേഷിക്കുന്ന ഒരു കിലോമീറ്ററിൽ NH Morth ന്റെ അനുമതി ലഭിക്കാത്തതിനാൽ, പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഈ ഒരു കിലോമീറ്റർ ദൂരം മൈക്രോ ടണലിംഗ് മാർഗ്ഗം ഉപയോഗിച്ച് പൈപ്പിടുന്നതിനുള്ള പ്രൊപ്പോസൽ പുതിക്കിയ ഫണ്ടിംഗ് അനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5 | ഞാങ്കടവ് കിണറിലെയും വസൂരിച്ചിറ ജല ശുദ്ധീകരണ ശാലയിലെയും പമ്പസെറ്റുകളും ട്രാൻസ്ഫോർമറുകളും ജലശുദ്ധീകരണശാലയിലെ SCADA System, ട്രാൻസ്ഫോർമർ കെട്ടിടം, കിണറിന്റെ സംരക്ഷണ ഭിത്തിയും റോഡും. | കിഫ്ബി | ടെൻഡർ പരിശോധനയിലാണ്. |
| 6 | വസൂരിച്ചിറയിലെ 100MLD ജല ശുദ്ധീകരണ ശാല | അമൃത് 1.0 | 97% പൂർത്തീകരിച്ചു. |
| 7 | വസൂരിച്ചിറ ജലശുദ്ധീകരണശാല മുതൽ ആനന്ദ വല്ലീശ്വരം ബൂസ്റ്റർ പമ്പ് ഹൗസ് വരെയുള്ള 1016/914 mm MS Clearwater പമ്പിങ് മെയിൻ | കിഫ്ബി | പൂർത്തീകരിച്ചു |
| 8 | മണിച്ചിത്തോട്ടിലെ 54 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല | കിഫ്ബി | പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | സംഭരണി | | |
| 9 | വസൂരിച്ചിറ ജല ശുദ്ധീകരണശാല മുതൽ വടക്കേവിള ജലസംഭരണി വരെയുള്ള പമ്പിങ് മെയിൻ | അമൃത് 1.0 | പൂർത്തീകരിച്ചു |
| 10 | വസുരിച്ചിറ ജല സംഭരണിമുതൽ കാവനാട് വരെ ദേശീയ പാത 66 കൊല്ലം ബൈപാസ്സിൽ കൂടിയുള്ള Clearwater Pumping Main | അമൃത് 2.0 | ടെൻഡർ പരിശോധനയിലാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ദേശീയ പാത അതോറിറ്റിയുടെ അംഗീകാരം ലഭ്യമായിട്ടില്ല |
| 11 | മുണ്ടക്കൽ 8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി. | അമൃത് 2.0 | കരാർ നൽകി. പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ജല സംഭരണി നിർമ്മിക്കേണ്ട സ്ഥലത്തെ അനധികൃത താമസക്കാരെ കോർപറേഷൻ ഒഴിപ്പിക്കേണ്ടതാണ്. |
| 12 | ബിഷപ്പ് ജെറോം നഗറിന് സമീപമുള്ള 15.67 ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി | അമൃത് 2.0 | പ്രവൃത്തിയുടെ കരാർ 17.01.2024-ൽ ഒപ്പുവച്ചു. Design പുരോഗമിച്ചു വരുന്നു. |
| 13 | കൊല്ലം കോർപറേഷൻ ഏരിയയിൽ 50 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കൽ | അമൃത് 2.0 | പ്രവൃത്തിയുടെ LOA നൽകിയിട്ടുണ്ട്. കരാർ 26.02.2024-ൽ ഒപ്പുവച്ചു. പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 14 | കൊല്ലം കോർപറേഷൻ ഏരിയയിൽ 30 കിലോ മീറ്റർ വിതരണ ശൃംഖല സ്ഥാപിക്കൽ | അമൃത് 2.0 | ടെൻഡർ നടപടികളിലാണ്. ക്രമനമ്പർ 10,11,17 പ്രവൃത്തികൾ ക്രമീകരിക്കുന്നതിനനുസൃതമായേ കരാർ നല്കാൻ സാധിക്കുകയുള്ളൂ. |
| 15 | കൊല്ലം കോർപറേഷൻ പരിധിയിൽ 10000 കുടിവെള്ള കണക്ഷനുകൾ നൽകുന്നപദ്ധതി | അമൃത് 2.0 | പ്രവൃത്തി 3 പാക്കേജുകളിലായി തിരിച്ചു കരാർ നൽകി. പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 16 | കൊല്ലം കോർപറേഷൻ പരിധിയിൽ 30500 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പദ്ധതി | അമൃത് 2.0 | പ്രവൃത്തി 3 പാക്കേജുകളിലായി തിരിച്ചു ടെൻഡർ ചെയ്തിട്ടുണ്ട്. നിലവിലെ കുടിവെള്ള പദ്ധതിയിൽ ജല ദൗർലഭ്യമുള്ളതിനാൽ പുതിയ പദ്ധതിയുടെ ശുദ്ധീകരണ ശാലവരെയുള്ള പ്രവർത്തികൾ കമ്മീഷൻ ചെയ്താൽ മാത്രമേ ഈ കണക്ഷനുകൾ നല്കാൻ സാധിക്കുകയുള്ളൂ. |
| 17 | അഞ്ചാലുംമൂട്ടിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണി | അമൃത് 2.0 | പ്രവൃത്തിക്കു പുതുക്കിയ ഭരണാനുമതി 07.03.2024-ൽ നൽകിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |